# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 43 – 03/02/2020 - ലെ മറുപടിക്ക്

### കേന്ദ്രസർക്കാരിൽ നിന്ന് ലഭിച്ച സാമ്പത്തിക സഹായങ്ങൾ

ചോദ്യം
ശ്രീ. എൻ.എ.നെല്ലിക്കുന്ന്

ഉത്തരം
ശ്രീ.പിണറായി വിജയൻ
(ബഹു. മുഖ്യമന്ത്രി)

| | ചോദ്യം |
|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കേന്ദ്രസർക്കാരിൽ നിന്ന് ലഭിച്ച സാമ്പത്തിക സഹായങ്ങൾ എത്രയാണെന്ന് വ്യക്തമാക്കാമോ; |
| (ബി) | ഈ സഹായങ്ങളെല്ലാം സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് നൽകിയതാണോ അതോ കേന്ദ്രസർക്കാർ സ്വമേധയാ അനുവദിച്ചതാണോ എന്ന് വ്യക്തമാക്കാമോ; |
| (സി) | കേന്ദ്രസർക്കാർ സ്വമേധയാ അനുവദിച്ച തുകയും സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടത് പ്രകാരം അനുവദിച്ച തുകയും എത്രയാണെന്ന് പ്രത്യേകം വ്യക്തമാക്കാമോ; |

**ഉത്തരം**

അക്കൗണ്ടന്റ് ജനറലിന്റെ 2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിലെ അന്തിമ കണക്കുകളുടെ അടിസ്ഥാനത്തിൽ ഉള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 2019-20 സാമ്പത്തിക വർഷത്തെ കണക്കുകൾ അക്കൗണ്ടന്റ് ജനറൽ പ്രസിദ്ധീകരിച്ചിട്ടില്ല.

(തുക കോടി രൂപയിൽ)

| ഇനം | 2016-17 | 2017-18 | 2018-19 |
|---|---|---|---|
| കേന്ദ്ര നികുതി വിഹിതം | 15225.02 | 16833.08 | 19038.17 |
| ഗ്രാന്റ്-ഇൻ-എയ്ഡ് | 8510.35 | 8527.84 | 11388.96** |

** ഈ തുകയിൽ 2018-ലെ പ്രളയാനന്തര ധനസഹായമായി കേരളത്തിന്റെ ആവശ്യപ്രകാരം ദേശീയ ദുരന്ത പ്രതികരണ നിധിയിൽ നിന്നും കേന്ദ്രസർക്കാർ അനുവദിച്ച 2904.85 കോടി രൂപയും ഉൾപ്പെടുന്നു.

കേന്ദ്ര ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരമാണ് കേന്ദ്രസർക്കാർ സംസ്ഥാനങ്ങൾക്ക് കേന്ദ്രനികുതി വിഹിതം അനുവദിക്കുന്നത്. പ്രകൃതി ദുരന്തമുണ്ടായപ്പോൾ സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടതിനെ തുടർന്നാണ് കേന്ദ്രസർക്കാർ കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്ന് അടിയന്തര സഹായം അനുവദിച്ചിട്ടുള്ളത്. സംസ്ഥാന ദുരന്ത

| | | |
|---|---|---|
| | | പ്രതികരണ നിധിയിലേക്കുള്ള കേന്ദ്രവിഹിതം കേന്ദ്രസർക്കാർ സ്വമേധയാ അനുവദിക്കുന്നതാണ്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലേയ്ക്കുള്ള കേന്ദ്രവിഹിതം ഉൾപ്പെടെ വിവിധ കേന്ദ്രാവിഷ്കൃത / കേന്ദ്രപദ്ധതികളുടെ കേന്ദ്രവിഹിതമായാണ് കേന്ദ്രസർക്കാർ സംസ്ഥാനങ്ങൾക്ക് ഗ്രാന്റ്-ഇൻ-എയ്ഡ് അനുവദിക്കുന്നത്. |
| (ഡി) | ഈ തുക മുഴുവൻ വിനിയോഗിച്ചു കഴിഞ്ഞിട്ടുണ്ടോ എന്നും ഏതെല്ലാം ആവശ്യങ്ങൾക്കുവേണ്ടിയാണ് വിനിയോഗിച്ചതെന്നും വ്യക്തമാക്കാമോ? | കേന്ദ്രനികുതി വിഹിതമായി കേന്ദ്രസർക്കാർ അനുവദിക്കുന്ന തുക സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ വരവ് വയ്ക്കുകയും സംസ്ഥാനത്തിന്റെ വികസന പ്രവർത്തങ്ങൾക്കും ദൈനംദിന പ്രവർത്തനങ്ങൾക്കും ആയി സഞ്ചിത നിധിയിൽ നിന്നും തുക ചെലവഴിക്കുകയുമാണ് ചെയ്യുന്നത്. ദേശീയ ദുരന്ത പ്രതികരണ നിധി ഉൾപ്പെടെ വിവിധ കേന്ദ്രാവിഷ്കൃത / കേന്ദ്രപദ്ധതികളുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായാണ് ഗ്രാന്റ്-ഇൻ-എയ്ഡ് ആയി ലഭിക്കുന്ന തുക വിനിയോഗിക്കപ്പെടുന്നത്. കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുന്ന തുക സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ ക്രെഡിറ്റ് ചെയ്യുകയും സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡങ്ങൾ പ്രകാരം അംഗീകൃത ദുരന്ത പ്രതികരണത്തിനായി വിനിയോഗിക്കുകയുമാണ് ചെയ്യുന്നത്. |

**സെക്ഷൻ ഓഫീസർ**